തിനാൽ തൻെറ ആജ്ഞയെ അനുസരിപ്പിക്കുന്നതിനും സഭയെ ഭരിക്കുന്നതിനും സർക്കുലർ ഉത്തരവും വിളംബരവും ആവശ്യമില്ലെന്നുള്ളതിനു അവിടുന്നു ഒരു നല്ല ദൃഷ്ടാന്തമായിരുന്നു."

പാത്രിയർക്കീസുബാവാ മലയാളത്തുനിന്നു തിരികെപ്പോയതു മുതൽ മലങ്കര ഒട്ടുക്കുള്ള റിശീസാ പിരിവിൻെറ ഭാരം മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായേയാണു കല്പിച്ചേല്പിച്ചത്. ഈ ഭാരം അവിടുന്നു എത്രയും വിശ്വസ്തതയോടും യാതൊരമാന്തവും കൂടാതെയും കാലംചെയ്തതുവരെ നടത്തിപ്പോന്നു എന്നു പ്രത്യേകിച്ചു പറയണമെന്നില്ല. ഇതിനുമുൻപു ചിലപ്പോഴൊക്കെ മുടങ്ങിപ്പോകാറുണ്ടായിരുന്ന ഈ പണപ്പിരിവു ഇപ്പോൾ നിർവിഘ്നം നടന്നുപോരുന്നതും ഇതിൻെറ ആവശ്യകതയെ വിശ്വാസികൾ ഐകകണ്ഠ്യേന സമ്മതിക്കുന്നതും മെത്രാപ്പോലീത്തായുടെ ഉപദേശവിശേഷംകൊണ്ടു തന്നെയാണ്. അന്ത്യോക്യായിൽനിന്നു മലങ്കരെ വിദ്യാശാലകളും മറ്റും നടത്തിപ്പോരുന്നില്ലാത്തതുകൊണ്ടു ഇങ്ങനെ ഒരു വലിയ സംഖ്യ പ്രതിവർഷം പിരിച്ചയയ്ക്കുന്നതു ഭോഷത്വമാണെന്നു ചില അഭിപ്രായങ്ങൾ ഈയിടെ പുറപ്പെട്ടിട്ടുണ്ട്. ഇതു കച്ചവടംപോലെയോ മറ്റോ കണക്കുപറയേണ്ട ഒരു കാര്യമല്ലെന്നു ആദ്യമേതന്നെ പറയേണ്ടിയിരിക്കുന്നു. കൃതജ്ഞത മനുഷ്യസ്വഭാവത്തിൻെറ വിശിഷ്ടലക്ഷണങ്ങളിൽ ഒന്നാണെന്നു ധരിച്ചിട്ടില്ലാത്തവരുടെ സ്ഥിതിയെപ്പറ്റി ദുഃഖിക്കേണ്ടതുതന്നെയാണ്. മലങ്കര സഭയ്ക്കുവേണ്ടി തങ്ങളുടെ രക്തം ചൊരിഞ്ഞ അന്ത്യോക്യയിലെ ബാവാന്മാരുടെ സഹകരണം സമയത്തിനുണ്ടായിരുന്നില്ലെങ്കിൽ ഇപ്പോൾ മലങ്കരസഭ നാമാവശേഷമായിപ്പോകുമായിരുന്നുവെന്നു ഒരുവിധം ഉറപ്പായിപ്പറയാം. ആധുനിക പരിഷ്കാരികളെപ്പോലെ ആ കഷ്ടകാലങ്ങളിൽ അന്ത്യോക്യാ ബാവാന്മാർ പൊളിട്ടിക്കൽ എക്കോണമിയും വെച്ചുകൊണ്ടിരുന്നെങ്കിൽ അന്യന്മാരുടെ ആക്രമണത്തിന്നായിട്ടെങ്കിലും ഇന്നിങ്ങനെയൊരു സഭ ശേഷിച്ചു കിടക്കുമായിരുന്നോ? അന്ത്യോക്യയ്ക്കു കീഴുള്ള സഭകളിൽ പണ്ടു



പണ്ടേ നടപ്പുള്ള ഈ [1]റിശീസാ പിരിവു ഇനിയും ശരിയായി നടത്തിപ്പോരുന്നതിനു മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെക്കുറിച്ചുള്ള ഉത്സാഹജനകമായ സ്മരണ മലങ്കര മഹാജനങ്ങളെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്. ചുക്കു മുതൽ കർപ്പൂരംവരെ തങ്ങളുടെ സഭകളിൽ ആവശ്യമുള്ള സകല സംഗതികൾക്കും ശീമയിൽ നിന്നു പണം വരണമെന്നുള്ള സ്ഥിതിയിലിരിക്കുന്ന അന്യക്രിസ്ത്യാനിജനങ്ങളുടെ അനപേക്ഷിതമായ പ്രലപനം സുറിയാനിക്കാർ വകവെച്ചിട്ടു കാര്യമുള്ളതല്ല.

ഇൻഡ്യയിലെ വിലക്ഷണജാതിസമ്പ്രദായം നിമിത്തം മൃഗങ്ങളിൽനിന്നു ഏറെ വ്യത്യാസപ്പെടാത്ത കഷ്ടസ്ഥിതിയിൽ കിടക്കുന്ന പുലയർ മുതലായ സാധുവർഗ്ഗങ്ങളുടെ വിമോചനത്തിനുള്ള ആയുധം ക്രിസ്ത്യാനിമതമാണെന്നു മെത്രാപ്പോലീത്തായ്ക്കു ബോധമുണ്ടായിരുന്നതനുസരിച്ചു അവിടുന്നു ഈ വിഷയത്തിലും ശക്തിക്കും സൗകര്യത്തിനും തക്കവണ്ണം പരിശ്രമിക്കുകയുണ്ടായിട്ടുണ്ട്. പല സ്ഥലങ്ങളിലും മെത്രാപ്പോലീത്താ പുലയരെ ക്രിസ്ത്യാനിമതത്തിൽ ചേർക്കുകയും അവരുടെ പ്രത്യേകോപയോഗത്തിന്നു പള്ളികളും പാഠശാലകളും ഏർപ്പെടുത്തുകയും മറ്റും ചെയ്യാൻ പലരേയും ഉത്സാഹിപ്പിക്കയും ചെയ്തിട്ടുണ്ട്.

ഇങ്ങനെ പല വിധത്തിലും ക്രിസ്തീയപ്രവൃത്തികൾ ചെയ്തുപോന്ന ഒരു ദിവ്യൻ ഇംഗ്ലീഷു വിദ്യാഭ്യാസത്തേയും പാശ്ചാത്യ പരിഷ്ക്കാരങ്ങളേയും എങ്ങനെ കരുതിപ്പോന്നു എന്നറിയുന്നതു രസാവഹമായിരിക്കും. ഇംഗ്ലീഷു വിദ്യാഭ്യാസത്തിനു കഴിയുന്ന പ്രചാരം വരുത്തണമെന്നുതന്നെയായിരുന്ന മെത്രാപ്പോലീത്തായുടെ അഭിപ്രായം. അവിടത്തെ സ്വന്തം ഉത്സാഹത്താൽ പല സ്ഥലങ്ങളിലും ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിച്ച വിവരം ഇതിനുമുൻപു പ്രസ്താവിച്ചിട്ടുണ്ട്. അവസാനകാലത്തു അവിടുന്നു ആരംഭിച്ച

1 വിവാഹംചെയ്ത ഓരോ സുറിയാനിക്കാരും അന്ത്യോക്യാ ഭദ്രാസനത്തിലേക്കു പ്രതിവർഷം കൊടുത്തുവരുന്ന ധനം (ഒരണമുതൽ രണ്ടണവരെ.)

## മാർ ഗ്രീഗോറിയോസ്
## മെത്രാപ്പോലീത്താ

തൃപ്പൂണിത്തുറ
മൂക്കഞ്ചേരി പൈലി വർക്കി

പരിശുദ്ധ പരുമല തിരുമേനിയെപ്പറ്റി
തൃപ്പൂണിത്തുറ മൂക്കഞ്ചേരി പൈലി വർക്കി
എഴുതിയ ജീവചരിത്ര ഗ്രന്ഥം.
1903ൽ മലയാള മനോരമ പ്രസിദ്ധീകരിച്ച
പുസ്തകത്തിൻെറ രണ്ടാം പതിപ്പ്.
പരിശുദ്ധ തിരുമേനിയുടെ ദേഹവിയോഗ
ശതാബ്ദിയാഘോഷത്തിൻെറ വേളയിൽ
മനോരമയുടെ ഒരു അമൂല്യ പ്രസിദ്ധീകരണം

മനോരമ പബ്ലിക്കേഷൻ ഡിവിഷൻ
കോട്ടയം

മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

# മാർ ഗ്രീഗോറിയോസ്
# മെത്രാപ്പോലീത്താ



തൃപ്പൂണിത്തുറ
മൂക്കഞ്ചേരി പൈലി വർക്കി